**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3521 18.02.2013 - ൽ മറുപടിയ്ക്ക്

<u>ദത്തെടുക്കൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | **ഡോ. എം.കെ. മുനീർ** ( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | അനാഥ ശിശുക്കൾ അനർഹരുടെ കൈകളിൽ എത്തിപ്പെടുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | അനാഥ ശിശുക്കൾ അനർഹരുടെ കൈകളിൽ എത്തുന്നത് തടയുന്നതിനായി സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (CARA) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കുഞ്ഞിനെ ദത്തു നൽകുന്നത്. ദത്ത് നൽകി ഉത്തരവാകുന്നത് അതാതു ജില്ലാ കോടതി മുഖാന്തിരവുമാണ്. |
| (ബി) | സ്വകാര്യ ദത്തെടുക്കൽ കേന്ദ്രങ്ങളിലെ കുട്ടികളെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് കൈമാറ്റം ചെയ്യുംവിധം നിയമം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ; | (ബി) | സ്വകാര്യ ദത്തെടുക്കൽ കേന്ദ്രങ്ങളിലെ കുട്ടികളെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് കൈമാറുന്നത് ജില്ലയിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേനയാണ്. ഈ നടപടി ക്രമങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല. |
| (സി) | അംഗീകൃത ദത്തെടുക്കൽകേന്ദ്രങ്ങളിൽ നിന്ന് ദത്തു നൽകിയ കുട്ടികളുടെ തുടർനിരീക്ഷണം നടത്തുന്നതിനായി സംവിധാനമൊരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി) | നിലവിലുള്ള CARA മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് തുടർ നിരീക്ഷണം നടത്തി വരുന്നത് ദത്തു നൽകിയതിന് ശേഷം തുടർന്നുള്ള രണ്ടു വർഷക്കാലത്തേക്ക് പ്രസ്തുത അഡോപ്ഷൻ ഏജൻസി മുഖേന ദത്തു നൽകിയ കുട്ടിയെ സംബന്ധിച്ച് കുടുംബസംഗമങ്ങളിലൂടെയും വീടുകൾ സന്ദർശിക്കുന്നതിലൂടെയും മറ്റും തുടർ വിവരങ്ങൾ ശേഖരിക്കാറുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ, ഇതിന്റെ ശരിയായ നടത്തിപ്പിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ? | (ഡി) | ഇതിനായി പ്രത്യേക നിയമ നിർമ്മാണം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ